പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2235** 08.07.2015-ൽ മറുപടിക്ക്

## അനധികൃത ലാബുകളും സ്കാനിംഗ് സെന്ററുകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ക്ലിനിക്കൽ ലാബുകൾക്കും സ്കാനിംഗ് സെന്ററുകൾക്കും നിലവിൽ സർക്കാർ രജിസ്ട്രേഷൻ നിർബന്ധമാണോ ; എങ്കിൽ അംഗീകൃത സെന്ററുകൾ ഏതെല്ലാ മാണെന്ന് വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് സ്വകാര്യ ലബോറട്ടറികൾ പ്രവർത്തിക്കുന്നതിന് നിലവിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമാണ്. സ്കാനിംഗ് സെന്ററുകൾക്ക് പി.സി & പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം ജില്ലാ തല അപ്രോപ്രിയേറ്റ് അതോറിറ്റി ജില്ലാ മെഡിക്കൽ ഓഫീസർ നൽകുന്ന രജിസ്ട്രേഷൻ നിർബന്ധമാണ്. ജില്ലകളിലെ അംഗീകൃത സെന്ററുകളുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| (ബി) യോഗ്യതാ മാനദണ്ഡമില്ലാത്ത ലാബുകൾ അടച്ചുപൂട്ടുന്നതിനും യോഗ്യരായ ജീവനക്കാരാണ് ലാബുകളിൽ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ലാബുകളിൽ പരിശോധന നടത്തി നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന വ്യാപകമായി 26.08.2014-ൽ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ ടീമുകൾ പോകുകയും പൊതുജനാരോഗ്യ നിയമ പ്രകാരം 4278 ലാബുകൾ പരിശോധിക്കുകയും ചെയ്തു. പ്രവർത്തനം തൃപ്തികരമല്ലാത്തതുകൊണ്ട് 1121 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ കൊടുക്കുകയും ഒട്ടും തൃപ്തികരമല്ലാത്ത 120 സ്ഥാപനങ്ങൾ അടപ്പിക്കുകയും ചെയ്തു. 27.02.2015 -ൽ 2055 ലാബുകൾ പരിശോധന നടത്തി 350 സ്ഥാപനങ്ങൾക്ക് നോട്ടീസ് കൊടുക്കുകയും 47 ലാബുകൾ അടപ്പിക്കുകയും ചെയ്തു. |

(.....2)

(സി) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ലാബുകളും, സ്കാനിംഗ് സെന്ററുകളും നിയന്ത്രിക്കുന്നതിനും രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

(സി) 'സേഫ് കേരള' പരിപാടിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി സ്വകാര്യ ലാബുകളിൽ 2 പ്രാവശ്യവും സ്കാനിംഗ് സെന്ററുകളിൽ ഒരു പ്രാവശ്യവും പരിശോധന നടത്തി നടപടി സ്വീകരിച്ചിരുന്നു. 26.05.2015 -ൽ സംസ്ഥാനത്തെ 523 സ്കാനിംഗ് സെന്ററുകളിൽ ഇൻസ്പെക്ഷൻ നടത്തുകയും തൃപ്തികരമല്ലാത്ത 48 സ്കാനിംഗ് സെന്ററുകൾക്ക് നോട്ടീസുകൾ കൊടുക്കുകയും തീരെ തൃപ്തികരമല്ലാത്ത 14 എണ്ണം അടപ്പിക്കുകയും ചെയ്തു. ഇടയ്ക്കിടെ ഉണ്ടാകുന്ന മിന്നൽ പരിശോധന വഴിയും പരാതി ലഭിക്കുന്ന മുറയ്ക്കും ലാബുകളിലും സ്കാനിംഗ് സെന്ററുകളിലും നടത്തുന്ന പരിശോധന വേളയിൽ അവ സർക്കാർ അനുശാസിക്കുന്ന ചട്ടപ്രകാരമാണോ പ്രവർത്തിച്ചു വരുന്നത് എന്ന് പരിശോധിക്കുകയും അപ്രകാരം അല്ല എന്ന് കണ്ടെത്തിയാൽ ലൈസൻസും ആവശ്യമായ മറ്റ് അനുമതികളും നേടിയെടുക്കാൻ വേണ്ട നിർദ്ദേശങ്ങളും നൽകാറുണ്ട്. മേൽ സർക്കാർ ചട്ടങ്ങൾക്ക് അനുസൃതമായിട്ടുള്ള വിധത്തിൽ അല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ആയതു ലഭിക്കുന്നതുവരെ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള നിർദ്ദേശം നൽകാറുണ്ട്. ജില്ലാതല കമ്മിറ്റികൾ സ്കാനിംഗ് സെന്ററുകൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു.

P. Anju

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്